5.	വിളക്കുമാടം	1	"
6.	വാഴേപ്പടി ഗുരുക്കൻ കുന്ന്	2	"
7.	കളരിക്കോട്	2	"
8.	തോട്ടപ്പുഴശ്ശേരി	1	" (ശേഷി വർദ്ധിപ്പിക്കൽ)
9.	മാലക്കര മാനന്തവാടി	1	" (")

വർദ്ധിപ്പിച്ച വൈദ്യുതി നിരക്കുകൾ

82 (234) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹിക ഉപയോഗത്തിന് നൽകുന്ന വൈദ്യുതിക്കും വാണിജ്യ വ്യവസായ ആവശ്യത്തിന് നൽകുന്ന വൈദ്യുതിക്കും നിരക്ക് എത്ര വീതമായിരുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു.

(സി) 2000 മാർച്ച് 31-ലെ കണക്കനുസരിച്ച് ഗാർഹിക, വാണിജ്യ, വ്യവസായ ആവശ്യത്തിന് നൽകുന്ന വൈദ്യുതിയുടെ നിരക്ക് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിരക്ക് വർദ്ധിപ്പിക്കാനുള്ള പ്രത്യേക കാര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒ.വൈ.ഇ.സി. യിൽ കണക്ഷൻ കിട്ടാൻ ഓരോ ഇനത്തിനും എത്ര തുകയായിരുന്നു ഈടാക്കിയിരുന്നത് ;

(എഫ്) 2000 മാർച്ച് 31-ലെ കണക്കനുസരിച്ച് ഒ.വൈ.ഇ.സി.യിൽ കണക്ഷൻ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം -1 ൽ കൊടുത്തിട്ടുണ്ട്.*

(ബി) 1-2-1997-ലും, 15-5-1999-ലും ആയി രണ്ട് തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു.

(സി) അനുബന്ധം -2ൽ കൊടുത്തിട്ടുണ്ട്.*

(ഡി) സംസ്ഥാനത്തെ വൈദ്യുതി പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനചെലവിലുള്ള വർദ്ധനയും കായംകുളം താപനിലയിത്തിൽ നിന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്ന വൈദ്യുതിയുടെ വിലകൂടുതലും, ഉൽപാദനപ്രസരണവിതരണ രംഗത്ത് ചെയ്യേണ്ട അറ്റുകുറ്റപ്പണികളുടെ ചെലവിന്റെ വർദ്ധനയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുവാങ്ങുന്ന വായ്പയുടെ പലിശ എന്നിവകൊണ്ടും ഉൽപാദന-പ്രസരണ-വിതരണ ചെലവിൽ വന്ന വർദ്ധന കൊണ്ടുമാണ് വൈദ്യുത നിരക്ക് വർദ്ധിപ്പിക്കാൻ ഇടയായത്.

(ഇ) അനുബന്ധം -3-ൽ കൊടുത്തിട്ടുണ്ട്.*

(എഫ്) അനുബന്ധം -4-ൽ കൊടുത്തിട്ടുണ്ട്.*

വൈദ്യുതി ബോർഡിൽ പി.എസ്.സി. റാങ്കു ലിസ്റ്റുകളിൽ നിന്നുള്ള നിയമനം

83 (235) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ നിന്ന് വിരമിച്ചവരും താൽക്കാലികമായി നിയമിച്ചവരുമായ എത്രപേർ ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന്റെ സർവ്വീസിലുണ്ട് ;

(ബി) ഇവരെ പിരിച്ചുവിട്ട് തൽസ്ഥാനങ്ങളിൽ പി. എസ്. സി. യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി ബോർഡിൽ നിയമനത്തിനുള്ള എത്ര റാങ്ക് ലിസ്റ്റുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവ നിലവിൽ വന്നതെന്നാണ് ; കാലാവധി തീരുന്നത് എന്നാണ് ;

(ഇ) ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്രപേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർവ്വീസിൽ നിന്നും വിരമിച്ച, താൽക്കാലികമായി ബോർഡിൽ ജോലി നോക്കുന്ന 83 പേർ ഇപ്പോൾ ബോർഡിന്റെ സർവ്വീസിലുണ്ട്. അംഗീകൃത തസ്തികകളിൽ ജീവനക്കാരുടെ അഭാവവും ചില തസ്തികൾക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുമാണ് ഇവരെ പിരിച്ചു വിടാത്തതിന്റെ കാരണം.

(സി) അസി: എഞ്ചിനീയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ എന്നിവയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly